# പ്രസ്താവന.

പരിഷ്കരിച്ച കോമളപാഠാവലി ഒന്നാം പുസ്തകത്തിൽ ചുരുക്കം ചില മാററങ്ങൾ മാത്രമേ വരുത്തേണ്ടതായി കണ്ടുള്ളു. സ്വര വ്യഞ്ജനാക്ഷരങ്ങൾ അനുക്രമമായി പഠിക്കുന്ന രീതി, ലേഖനസൌകര്യത്തെ സംബന്ധിച്ചേടത്തോളം, ശാസ്ത്രീയമല്ലെന്നുവെച്ച് ഇന്നാരും ആദരിക്കുന്നില്ല. പക്ഷേ ഓരോ വൎഗ്ഗത്തിലെ അക്ഷരങ്ങളെ ഭിന്നങ്ങളായ സ്ഥലത്തുവെച്ചു പഠിക്കുന്നതു നിമിത്തം ബാലകന്മാരുടെ ഉച്ചാരണശുദ്ധി മോശമായിത്തീരുന്നു എന്നൊരാക്ഷേപം നവീനരീതിയെക്കുറിച്ചു പലൎക്കുമുണ്ടുതാനും. ഈയൊരാക്ഷേപം കഴിയുന്നതും പരിഹരിച്ചു നവീനപ്രാചീന രീതികളെ ഇണക്കിക്കോൎത്തു കൊണ്ടുപോകുവാനും പരിചിത പദങ്ങളുടെയും ചിത്രങ്ങളുടെയും സഹായത്തോടുകൂടി ബാലപാഠങ്ങൾ സുഗമമാക്കുവാനും ഞങ്ങൾ പൂൎവ്വാധികം ശ്രദ്ധിച്ചിട്ടുണ്ടു. സൂക്ഷ്മങ്ങളായ ഉച്ചാരണഭേദങ്ങൾ മാത്രമല്ല ഭാഷാനിഘണ്ടു നോക്കുവാൻ പോലും അറിഞ്ഞുകൂടാത്ത വിദ്യാൎത്ഥികൾ ഉണ്ടാകരുതേ എന്നു വെച്ചു ഒരേവൎഗ്ഗത്തിൽപെട്ട അക്ഷരങ്ങളെ കഴിയുന്നതും ക്രമത്തിൽ പഠിപ്പിക്കുവാൻ ഉത്സാഹിക്കുകയും, ഭിന്നസ്ഥലങ്ങളിൽ നിന്നു പഠിക്കേണ്ടതായി വന്നാൽതന്നെയും ഒരേ വൎഗ്ഗാക്ഷരങ്ങൾ ദൃഢമായി മനസ്സിൽ പതിയുവാനും ഉരുവിട്ടു പഠിക്കുവാനും സഹായമാകത്തക്ക വിധം ഓരോവൎഗ്ഗത്തെ വലിയ അക്ഷരത്തിലും ചുകന്ന മഷിയിലും അവിടവിടെയായി ചേൎക്കുകയും ചെയ്തിട്ടുള്ളതിൻെറ പ്രാധാന്യം ഗുരുനാഥന്മാർ വഴിപോലെ മനസ്സിലാക്കുമെന്നു കരുതുന്നു. പുസ്തകം പരിഷ്കരിക്കുന്നതിലും മററും കഴിയുന്ന സഹായം ചെയ്തുതന്ന ഗ്രന്ഥകൎത്താവിനോടും ഇതിനെ പ്രചരിപ്പിച്ചു ഞങ്ങൾക്കു പ്രോത്സാഹനം നല്കിക്കൊണ്ടിരിക്കുന്ന സുഹൃത്തുക്കളോടും ഞങ്ങൾക്കു ഏററവും കൃതജ്ഞതയുണ്ടു.